**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2263** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോന്നിയിലെ ജില്ലാ പൈതൃക മ്യൂസിയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.യു. ജനീഷ് കുമാർ** | | **Shri .Ramachandran Kadannappalli**<br>**(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** | |
| (എ) | കോന്നിയിൽ അനുവദിച്ച ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ആയതിന്റെ ഉദ്ഘാടനം എന്നത്തേക്ക് നിർവ്വഹിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (എ) | കോന്നി ആനത്താവളത്തിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് വകുപ്പിന് ലഭ്യമായിരുന്ന ചെറിയ ഹാൾ വനം വകുപ്പിന് തിരികെ നൽകി പകരം വനം വകുപ്പിന്റെ കൈവശമുള്ള വലിയ ഹാൾ ലഭ്യമാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി വനം വകുപ്പ് മന്ത്രിയുമായി 12.02.2019-ൽ യോഗം ചേരുകയും കെട്ടിടം വകുപ്പിന് ലഭ്യമാക്കുന്നതിന് തീരുമാന മാകുകയും ചെയ്തു. കെട്ടിടം കൈമാറുന്നതിലേക്ക് വനം വകുപ്പ് 18.08.2019-ൽ ലഭ്യമാക്കിയിരുന്ന കരട് ധാരണാപത്രം അംഗീകരിച്ച് 27.08.2019-ന് തിരിച്ചയച്ചിട്ടുണ്ട്. ധാരണ പ്രകാരമുള്ള വലിയ ഹാൾ വനം വകുപ്പിൽ നിന്നും ലഭിച്ചാൽ മാത്രമേ ഇവിടെ മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ